# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

28.02.2018-ൽ മറുപടിയ്ക്ക്

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 711**

### കിടാരി പാർക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര വികസന വകുപ്പ് ആവിഷ്ക്കരിച്ച കിടാരി പാർക്ക് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | സംസ്ഥാനത്ത് ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യപടിയെന്ന നിലയിൽ 2018-19-ൽ അഞ്ച് ജില്ലകളിൽ കുറഞ്ഞത് 100 കിടാരികളെ യെങ്കിലും വളർത്തുന്ന കിടാരിപാർക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യം വെയ്ക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| (ബി) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | കന്നുകുട്ടികൾ ജനിച്ചതു മുതൽ 4 മാസം വരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്ത്, ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കന്നുകുട്ടികളുടെ സംരക്ഷണചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതി മൂലം സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**